# Downtown Trivandrum

Project Launch - Press Coverage

Oct 12, 2018

**Taurus Investment Holdings** along with their partners Embassy and Asset Homes launched their first project in India- the Downtown Trivandrum on Oct 12, 2018. The ceremony was inaugurated by the Chief Minister Shri. Pinarayi Vijayan, in the presence of Shri.Shashi Tharoor MP, Prof. Lorenz Reibling- Chairman and Founding Partner, Taurus Investment Holdings, Mr. Jitu Virwani, Chairman and MD, Embassy Group and Mr. Sunil Kumar, Managing Director of Asset Homes.

It needs to be noted that ‘Downtown Trivandrum’ had received good coverage even before its launch.The launch event received good coverage by all regional and national print,visual and online mediums, with many regional newspapers including the news story with images on their national, business pages and supplements.The Chief Minister’s Office’s official facebook page also went on live during the inaugural ceremony. More than 60 journalists representing various print, online and visual mediums were present at the inaugural ceremony for covering the event.

IMAGEQ

## Print Media

| TIMES OF INDIA | | | |
|---|---|---|---|
| Edition: | Language | Page | Circulation |
| Trivandrum | English | 4 | 32,000 |

TIMES OF INDIA
IP: 2018.10.13

# Downtown will be a reality by 2020

T K Deepaprasad



Chief minister Pinarayi Vijayan inaugurates Taurus Downtown Technopark project works in Thiruvananthapuram on Friday

TIMES NEWS NETWORK

**Thiruvananthapuram:** Phase I works of the Taurus Downtown Technopark project, which formally began on Friday, will be completed by August 2020. The biggest foreign investment in the construction sector of the IT field after Smart City, the Rs 1500-crore project is all set to bring major changes to IT sector.

While inaugurating the event, chief minister Pinarayi Vijayan said that plans were afoot to increase IT park space in the state from 1.3 crore square feet to 2.3 crore square feet. The CM said that such a massive expansion in the IT parks space would enable the creation of 2.5 lakh direct jobs besides increasing software export and attracting investors to the state.

"As a priority sector, the government is giving emphasis to creating a necessary social milieu and basic infrastructure in the IT sector, aiming at increasing software export and attract investors," the CM said. He unveiled the model of the project on the occasion.

Taurus chairman Lorenz Reibling said that it was the environment, politics and market that attracted them to the state. Taurus country head Ajay Prasad said that the company would set up pre-fabricated office spaces that would be ready to accommodate IT offices by May 2019.

The project envisages construction of Embassy Taurus TechZone, a 33–lakh square feet IT space, Taurus Zentrum, a 12-lakh square feet retail space, 315-room service apartment Asset Taurus Identity and a 200-room business hotel. A 15-screen multiplex managed by Cinepolis will also be part of the project. It will house the state's first imax screen too.

The total built-up area of the project is 57 lakh square feet. The entire project will come up in 20 acres in phase III campus of Technopark. Of the total 20 acres, 12.43 acres will be exclusively for office space and remaining for retail, hotel and serviced apartments.

Leading SEZ builder Embassy Group is associating with Boston-headquartered Taurus Investment Holdings for the project.

Thiruvananthapuram MP Shashi Tharoor, mayor V K Prashanth, IT secretary M Sivasankar, Technopark CEO Hrishikesh Nair, Embassy group chairman Jitu Virwani and Asset homes managing director V Sunil Kumar also spoke at the function.

| THE HINDU | | | |
|---|---|---|---|
| Edition: | Language | Page | Circulation |
| Trivandrum | English | 4 | 75,000 |

THE HINDU
IP: 2018.10.13

# Taurus Downtown at Technopark

## Government's thrust on knowledge-based industries, says Chief Minister

STAFF REPORTER
THIRUVANANTHAPURAM

The State government is laying its developmental thrust on knowledge-based industries, Chief Minister Pinarayi Vijayan has said. He was speaking after launching the Taurus Downtown Trivandrum project here on Friday.

"Technopark is the first IT park in India. Ever since this government came to office, we have been making every effort to ensure that it becomes a world-class facility by upgrading its capacities, setting up global industries and attracting fresh talent. We aim at increasing software export and at preparing the basic physical infrastructure for attracting investors. The arrival of tech giants such as Nissan and Fujitsu are positives. The launching of Downtown project fits neatly into these larger scheme of things," he said.



Chief Minister Pinarayi Vijayan greets Taurus chairman and founding partner Lorenz Reibling at the inauguration of Taurus Downtown Trivandrum at Technopark in Thiruvananthapuram on Friday. Shashi Tharoor, MP, is seen. ▪C. RATHEESH KUMAR

**On 20 acres**

Downtown Trivandrum, being developed by Taurus Investment Holdings along with its partners Embassy Group and Asset Homes, is a mixed-use project with 55 lakh square feet of built-up space in 20 acres of land located within Phase 3 of Technopark.

The project will consist of Embassy Taurus TechZone, an office complex having 33 lakh square feet of collaborative workspace; Taurus Zentrum, a 12-lakh square feet retail and entertainment centre; Asset Taurus Identity, 315 units of serviced residences; and a 200-key Business Hotel.

Shashi Tharoor, MP, said that political parties had been able to come together despite their differences for the common goal of the city's development.

**Matter of satisfaction**

"It really is a matter of great satisfaction for me to see what has so long existed on paper becomes a reality today. The future of the State's development lies in the IT field, in the knowledge industry, and in the kind of environmental-friendly things we are well known for, particularly tourism and wellness, which are both subsets of the hospitality industry. All of these things fit together extremely well. It seems to be a very useful project which can attract more companies. When these big companies come, they'll need more office spaces which indeed this project hopes to provide," said Mr. Tharoor.

Lorenz Reibling, Chairman of Taurus, said that the company hoped to contribute to the rising star among Asian nations.

"Taurus' DNA is international and primarily based on accumulation of IQ, not only of assets. There are of course intelligent people in all countries and continents, but few show such promising signs of dominating the future marketplace of IQ, and indirectly of AI, as India," said Mr. Reibling.

| DECCAN CHRONICLE | | | |
|---|---|---|---|
| Edition: | Language | Pages | Circulation |
| All Editions | English | 01,04,10 | 60,000 |

DECCAN CHRONICLE
FP- 2018.10.13

# Taurus projects offer 50k jobs

DC CORRESPONDENT
THIRUVANANTHAPURAM, OCT. 12

Global investor Taurus launched a ₹2,000-crore project at Technopark Phase-III area. It is expected to generate 50,000 jobs within 10 years.

Chief Minister Pinarayi Vijayan on Friday formally inaugurated the project 'Taurus Downtown Trivandrum' being built by Boston-based Taurus Investment Holdings, LLC (Taurus), global investor, developer, owner and operator.

The first building of 65,000 sq-feet will be commissioned by 2019 and another one million sq-feet IT space and about 7.5 lakh sq-feet retail and entertainment infrastructure will be commissioned by 2020-21.

Continued on Pg 10



Chief Minister Pinarayi Vijayan and Thiruvananthapuram MP Shashi Tharoor take a look at the model of the Taurus Downtown project planned at Technopark phase-III campus at the launch of the work on Friday. Taurus chairman and managing director Lorenz Reibling is also seen. — A.V. MUZAFAR

## Downtown project to boost IT business

# Dream turns real for CET alumnus

**DC CORRESPONDENT**
THIRUVANANTHAPURAM
OCT 12

With the Taurus Downtown project at Technopark Phase III campus here turning to a reality, it is a dream come true for a Thiruvananthapuram native who has been envisioning infrastructure of global standards in his home town.

Taurus India managing director Ajay Prasad, who has been relentlessly pursuing the project, is an alumni of College of Engineering Thiruvananthapuram (CET) and the St. Thomas school in the city.

"I am very happy that a project of this size is happening in my home city offering office space and social infrastructure of global standards," said Ajay, a native of Kumarapuram.

Boston-based Taurus's chairman Lorenz Reibling, Thiruvananthapuram Shashi Tharoor, MP, and Technopark chief executive officer Hrishikesh Nair highlighted Ajay's efforts in making the project a reality.



Ajay Prasad

"But for the constant persuasion by Ajay, we could have even dropped the project owing to the technical delays involved," said Mr.Reibling.

Mr. Tharoor recollected that Ajay used to highlight the infrastructure needs of the city through his blogspot Trivandrum Rising since 2009, while he (Tharoor) was contesting the Lok Sabha polls from Thiruvananthapuram.

Ajay completed his schooling at St. Thomas School in 1999 and did engineering degree in electronics at CET. After passing out from CET in 2009, he went to IIM Culcutta. Afterwards he worked with Accenture Strategy in Mumbai and Emmar India. In 2010 he did masters in real estate development in Boston and joined Taurus in 2012.

Ajay mooted the Downtown project in 2013 after Taurus did an India safari to identify the investment options. "During an interaction with with heads of leading IT firms in Technopark, many had pointed out lack of global infrastructure, including entertainment and retail space. This prompted us to moot the Downtown project," he said.

Ajay, who is the son of a doctor, said that from his college days itself, he had an interest for infrastructure development and hence initiated the blog to express his desire.

# Taurus projects offer 50k jobs

FROM PAGE 1

**Thiruvananthapuram:** Taurus has already initiated talks with major technology firms on setting up office in Downtown and would finalise some deals within a few weeks.

Mr Vijayan said that the entry of global firms like Taurus, Nissan and Fijutsu reflects the changing perception about Kerala among the international investors. This was the result of the thrust being given by the state government on the development of IT sector to make the state a global IT hub. He hoped that that the state government would be able to cater to the skilled human resource requirement of the IT companies.

Technopark chief executive officer Hrishikesh Nair said that being a project with IT space, retail space, amenities and residential space, the Downtown would change the face of Technopark.

Taurus chairman Lorenz Reibling told reporters that it was the first project of the company in India and that Kerala was opted considering various factors like the government participation in the project. The project is being developed with the support of leading builder Embassy group.

Taurus India managing-director Ajay Prasad said that the first building to be commissioned by May 2019 would be constructed using pre-fabricated materials to be brought from Bangalore. It will be named Key Stone.

"We are also holding talks with seven global firms and some Technopark firms and hope to finalise the terms within four weeks," he said.

| INDIAN EXPRESS | | | |
|---|---|---|---|
| Edition: | Language | Page | Circulation |
| All Editions | English | 05 | 3,00,000 |



THE NEW INDIAN EXPRESS **KERALA**

05 THIRUVANANTHAPURAM SATURDAY 13.10.2018

TWEET OF THE DAY

Anita Nair @anitanairauthor
What is it about God and religion that brings out the worst in people? Appalled, disgusted and distressed... shouldn't this man be booked for inciting violence against women?

newindianexpress.com

INDIAN EXPRESS IP-2018.10.13

# Downtown Technopark: Kerala's largest devpt project gets under way

Chief Minister Pinarayi Vijayan being greeted by Shashi Tharoor MP after the former inaugurated the work of Taurus Downtown project to come up at Technopark, T'Puram | VINCENT PULICKAL

JIJO MALAYIL @T'Puram

GIVING a fillip to Kerala's investment-friendly policies, a 57-lakh sq ft Downtown Technopark - the largest development project in the state - was launched by Chief Minister Pinarayi Vijayan on Friday.

The Chief Minister said the project contributes to the government's plan to expand the IT park space in Kerala from 1.3 crore sq ft to 2.3 crore sq ft and to provide 2.5 lakh direct jobs, besides increasing software exports and attracting investors to the state by 2020.

"As a priority sector, the government is giving emphasis on creating a necessary social milieu and basic infrastructure in the IT sector, aimed at increasing software exports and attracting investors," Pinarayi said. The ₹1,500-crore project envisages construction of Embassy Taurus TechZone, a 33-lakh sq ft IT space, Taurus Zentrum, a 12-lakh sq ft retail space, a 315-room serviced apartment Asset Taurus Identity and a 200-room business hotel.

> As a priority sector, the government is giving emphasis on creating a necessary social milieu and basic infrastructure in the IT sector, aimed at increasing software exports and attracting investors
>
> Pinarayi Vijayan, Chief Minister

The entire project will come up in 20 acres on the Phase III campus of Technopark. Of the 20 acres, 12.43 acres will be exclusively for office space and the remaining for retail, hotel and serviced apartments.

"The future of the state's development lies in the IT field, in the knowledge industry; both education and research and in the kinds of environmentally friendly things we are well known for, particularly tourism and wellness, which are both subsets of the hospitality industry. All of these things fit together extremely well," said Shashi Tharoor MP.

Leading SEZ builder Embassy Group is associating with the Boston-headquartered Taurus Investment Holdings and Asset Homes for the project.

The office space will have plug-and-play facilities for startups and small businesses.

On completion, it can bring direct employment to 35,000 and indirect employment to another 75,000. Out of the 20 acres, 12.43 acres is under the Special Economic Zone (SEZ) and 7.57 acres is non-SEZ.

**Incubation facility to come up in six months**

While work on the Downtown Technopark project progresses, companies that have signed up will be provided with incubation facility with 'Keystone' - a first-of-its-kind prefabricated structure in Kerala - boasting a built-up area of 62,500 sq ft in under six months. The shopping-cum-entertainment centre will host Cinepolis which will set up Kerala's largest multiplex with 15 cinema screens, including the state's first IMAX movie screen. Asset Homes' 315 units of serviced residences will include cost-effective 100 sq ft and 300 sq ft apartments enabling access to quality housing for bachelor tech-employees at Technopark.

| MALAYALA MANORAMA | | | |
|---|---|---|---|
| Edition: | Language | Pages | Circulation |
| All Editions | Malayalam | 15 (Business), 02 & 03(Supplement) | 23,72,256 |



തിരുവനന്തപുരം ടെക്നോപാർക്കിലെ ടോറസ്-എംബസി ഡൗൺടൗൺ പദ്ധതിയുടെ നിർമാണ ഉദ്ഘാടനച്ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ പദ്ധതി മാതൃക വീക്ഷിക്കുന്നു. ശശി തരൂർ എംപി, ടോറസ് ഇന്ത്യ എംഡി അജയ് പ്രസാദ്, ചെയർമാൻ ലോറൻസ് റെയ്ബ്ലിങ്, അസറ്റ് ഹോംസ് എംഡി. വി.സുനിൽകുമാർ, മേയർ വി.കെ.പ്രശാന്ത്, എംബസി ഗ്രൂപ്പ് ചെയർമാൻ ജിത്തു വിർവാനി എന്നിവർ സമീപം. ചിത്രം:മനോരമ.

# ടോറസ്-എംബസി ഡൗൺടൗണിന്റെ ആദ്യഘട്ടം 2020ൽ

MANORAMA
IP(BP)-2018.10.13

## ടെക്നോപാർക്കിലെത്തുന്നതു 2,000 കോടിയുടെ പദ്ധതി

**മനോരമ ലേഖകൻ**

തിരുവനന്തപുരം● ടെക്നോപാർക്കിലെത്തുന്ന 2,000 കോടി രൂപയുടെ ഐടി അടിസ്ഥാന സൗകര്യ വികസന പദ്ധതിയായ ടോറസ്-എംബസി ഡൗൺടൗണിന്റെ ആദ്യഘട്ടം 2020 ഓഗസ്റ്റിൽ യാഥാർഥ്യമാകും. 33 ലക്ഷം ചതുരശ്ര അടിയിലുള്ള ആദ്യ എ ഗ്രേഡ് ഐടി കോംപ്ലക്സ്, 12 ലക്ഷ ചതുരശ്ര അടിയിലുള്ള ഷോപ്പിങ് മാൾ, ഐമാക്സ് തിയറ്റർ അടങ്ങിയ കേരളത്തിലെ ഏറ്റവും വലിയ മൾട്ടിപ്ലക്സ്, 315 സർവീസ്ഡ് അപാർട്ട്മെന്റുകൾ എന്നിവ അടങ്ങുന്നതാണ് ആദ്യഘട്ടം. രണ്ടാമത്തെ ഐടി കെട്ടിടവും 200 മുറികളുള്ള ബിസിനസ് ക്ലാസ് ഹോട്ടലും 2021 ഏപ്രിലിൽ പൂർത്തിയാകുമെന്നു ടോറസ് ഗ്രൂപ്പ് ചെയർമാൻ ലോറൻസ് റെയ്ബ്ലിങ് പറഞ്ഞു. 30,000 പേർക്കു നേരിട്ടുള്ള തൊഴിലവസരങ്ങളാണു പ്രതീക്ഷിക്കുന്നത്.

നിർമാണം പൂർത്തിയാകാൻ കാത്തുനിൽക്കാതെ താൽക്കാലികമായി നിർമിക്കുന്ന കീസ്റ്റോൺ പ്രീഫാബ്രിക്കേറ്റഡ് കെട്ടിടത്തിൽ അടുത്ത മാർച്ച് മുതൽ മുൻനിര ഐടി കമ്പനികളെത്തും. ഐടി കോംപ്ലക്സ് പൂർത്തിയാകുമ്പോൾ അങ്ങോട്ട് മാറും. പദ്ധതിയുടെ നിർമാണോദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. ടെക്നോപാർക് മൂന്നാം ഘട്ടത്തിലെ 20 ഏക്കറിലെ 50 ലക്ഷം ചതുരശ്രയടിയിലാണ് പദ്ധതി. ജിയോതെർമൽ കൂളിങ് സാങ്കേതികവിദ്യ ഉപയോഗിച്ച് രാജ്യത്തെ ഏറ്റവും വലിയ പരിസ്ഥിതി സൗഹൃദ പ്രോജക്ടാണു ഡൗൺടൗൺ. ഐഒടി (ഇന്റർനെറ്റ് ഓഫ് തിങ്സ്), ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നിവ ഉപയോഗിച്ചുള്ള സ്മാർട് സിറ്റി സങ്കൽപമാണു നടപ്പാക്കുക.

ഒരു മേശയ്ക്കു ചുറ്റുമിരുന്നു പല കമ്പനികൾ പ്രവർത്തിക്കുന്ന കോ-വർക്കിങ് സ്പെയ്സുകൾക്കും പദ്ധതിയിൽ ഇടമുണ്ടാകും. ഇതിനായി കോ-വർക്കിങ് രംഗത്തെ ഭീമനായ വീവർക്കിന്റെ ഒരു ലക്ഷം ചതുരശ്ര അടിയിലുള്ള പദ്ധതിയുമെത്തും. യുഎസിലെ ബോസ്റ്റൺ ആസ്ഥാനമായ ടോറസ് ഇൻവസ്റ്റ്മെന്റ് ഹോൾഡിങ്സും ഇന്ത്യയിലെ പ്രമുഖ നിർമാണ കമ്പനിയായ എംബസി ഗ്രൂപ്പിന്റെ എംബസി പ്രൊപ്പർട്ടി ഡവലപ്മെന്റ് പ്രൈവറ്റ് ലിമിറ്റഡും ചേർന്നുള്ള ജോയിന്റ് വെഞ്ചർ കമ്പനിയാണു പദ്ധതി നടപ്പാക്കുന്നത്. അസറ്റ് ഹോംസാണു സർവീസ്ഡ് അപാർട്ട്മെന്റുകൾ നിർമിക്കുന്നത്.

ശശി തരൂർ എംപി, ടോറസ് ചെയർമാൻ ലോറൻസ് റെയ്ബ്ലിങ്, ഇന്ത്യ എംഡി അജയ് പ്രസാദ്, എംബസി ഗ്രൂപ്പ് ചെയർമാൻ ജിത്തു വിർവാനി, അസറ്റ് ഹോംസ് എം.ഡി. വി. സുനിൽകുമാർ, മേയർ വി.കെ. പ്രശാന്ത് എന്നിവർ പ്രസംഗിച്ചു.

### ഒറ്റനോട്ടത്തിൽ:

- എംബസി-ടോറസ് ടെക്സോൺ- മൊത്തം 33 ലക്ഷം ചതുരശ്ര അടി (30 ലക്ഷം ചതുരശ്ര അടിയും പ്രത്യേക സാമ്പത്തിക മേഖലയിൽ).
- ടോറസ് സെൻട്രം മാൾ- 12 ലക്ഷം ചതുരശ്ര അടിയിൽ. മൾട്ടിപ്ലക്സ്, മാളിനു പുറമേ 200 മുറികളുള്ള ബിസിനസ് ക്ലാസ് ഹോട്ടൽ.
- അസറ്റ് ടോറസ് ഐഡന്റിറ്റി- 315 സർവീസ്ഡ് അപാർട്ട്മെന്റുകൾ. 100 ചതുരശ്രഅടിയുള്ള 'സെൽഫി അപാർട്ട്മെന്റുകളും', 300 ചതുരശ്രയടിയുള്ള 'സെൽഫി പ്ലസ്' അപാർട്ട്മെന്റുകളും.
- കേരളത്തിലെ ആദ്യ ഐമാക്സ് തിയറ്റർ- 15 സ്ക്രീനുകളുമായി കേരളത്തിലെ ഏറ്റവും വലിയ മൾട്ടിപ്ലക്സ് തിയറ്ററാണു ഡൗൺടൗണിൽ ആരംഭിക്കുന്നത്. സിനിമ പ്രദർശന കമ്പനിയായ സിനിപോളിസ് ആണ് ഐമാക്സ് ഇവിടെത്തിക്കുന്നത്. കനേഡിയൻ കമ്പനിയായ ഐമാക്സ് കോർപറേഷന്റെ സാങ്കേതികവിദ്യയിൽ സാധാരണ ചലച്ചിത്രങ്ങളിലെ ദൃശ്യങ്ങളെക്കാൾ കൂടുതൽ വലുപ്പത്തിലും റെസല്യൂഷനിലും ദൃശ്യങ്ങൾ കാണാം.

# ടോറസ് ഡൗൺടൗൺ പദ്ധതിക്ക് ഇന്ന് തുടക്കം

## ■ ടെക്നോപാർക്കിൽ വരുന്നത് 1500 കോടിയുടെ നിക്ഷേപം; മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

MANORAMA
IP(BP)-2018.10.12

**മനോരമ ലേഖകൻ**

തിരുവനന്തപുരം● അഞ്ച് വർഷത്തോളം ചുവപ്പുനാടയിൽ കുരുങ്ങിക്കിടന്ന ടെക്നോപാർക് ടോറസ് ഡൗൺടൗൺ പദ്ധതിക്ക് ഒടുവിൽ പുതുജീവൻ. കൊച്ചിയിലെ സ്മാർട് സിറ്റി പദ്ധതിക്കുശേഷം സംസ്ഥാനത്തു വരുന്ന ഏറ്റവും വലിയ ഐടി അടിസ്ഥാനസൗകര്യ വിദേശ നിക്ഷേപമായ പദ്ധതിയുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് നിർവഹിക്കും. 1,500 കോടി രൂപയുടെ നിക്ഷേപമാണ് സംസ്ഥാനത്തെത്തുന്നത്. 20 ഏക്കറിലെ പദ്ധതിയിൽ 50 ലക്ഷം ചതുരശ്രയടി ബിൽറ്റപ്പ് ഏരിയയുണ്ടാകും. ഇത് 350 ഏക്കറിൽ വ്യാപിച്ചു കിടക്കുന്ന ടെക്നോപാർക്കിന്റെ 50 ശതമാനത്തോളം വരും. ഐടി സ്പെയ്സ് മാത്രം 12.3 ഏക്കറിലായി 33 ലക്ഷം ചതുരശ്രയടിയാണ്.

2020ൽ പദ്ധതിക്ക് തുടക്കമാകുമെന്നാണ് പ്രഖ്യാപിച്ചിരുന്നതെങ്കിലും വരുന്ന മാർച്ചിൽ കീസ്റ്റോൺ എന്ന പ്രീഫാബ് താൽക്കാലിക കെട്ടിടത്തിൽ ആദ്യഘട്ടമായി കമ്പനികളെ ഉൾപ്പെടുത്തി പ്രവർത്തനം തുടങ്ങും. മെഴ്സിഡീസ് ബെൻസ്, വെൽസ് ഫാർഗോ, ഫ്ലിപ്കാർട്ട് എന്നിവ ബംഗളൂരുവിൽ ഉപയോഗിച്ചിരുന്ന കീസ്റ്റോൺ എന്ന പ്രീഫാബ് കെട്ടിടമാണ് ടെക്നോപാർക്ക് മൂന്നാം ഘട്ടത്തിൽ ഉയരുക. 62,500 ചതുരശ്രയടിയിൽ രണ്ട് നിലയായിട്ടാണ് കീസ്റ്റോൺ സമുച്ചയം.

യുഎസിലെ ബോസ്റ്റൻ ആസ്ഥാനമായ ടോറസ് ഇൻവസ്റ്റ്മെന്റ് ഹോൾഡിങ്സും ഇന്ത്യയിലെ പ്രമുഖ നിർമാണ കമ്പനിയായ എംബസി ഗ്രൂപ്പിന്റെ എംബസി പ്രൊപ്പർട്ടി ഡവലപ്മെന്റ് പ്രൈവറ്റ് ലിമിറ്റഡും ചേർന്നുള്ള ജോയിന്റ് വെഞ്ച്വർ കമ്പനിയാണു പദ്ധതി നടപ്പാക്കുന്നത്.

ഐടി സ്പെയ്സിനു പുറമേ റീട്ടെയിൽ വിഭാഗത്തിൽ ടോറസ് സെൻട്രം മാൾ, 175 മുറികളുള്ള ബിസിനസ് ക്ലാസ് ഹോട്ടൽ, സർവീസ്ഡ് അപാർട്ട്മെന്റ്സ് (അസറ്റ് ടോറസ് ഐഡന്റിറ്റി) എന്നിവയുമുണ്ടാകും.

### 'ഫുജിറ്റ്സു കേരളത്തിലേക്ക്

### പ്രതിനിധികൾ മുഖ്യമന്ത്രിയെ സന്ദർശിച്ചു

തിരുവനന്തപുരം● ജപ്പാനിലെ പ്രമുഖ ഫോർച്യൂൺ 500 ഐടി കമ്പനിയായ ഫുജിറ്റ്സുവിന്റെ പ്രതിനിധികൾ മുഖ്യമന്ത്രി പിണറായി വിജയനെ സന്ദർശിച്ച് കേരളത്തിലേക്ക് വരാനുള്ള സന്നദ്ധത അറിയിച്ചതായി സൂചന. ചീഫ് സെക്രട്ടറി ടോം ജോസ്, ഐടി സെക്രട്ടറി എം.ശിവശങ്കർ, ടെക്നോപാർക്ക് സിഇഒ ഋഷികേഷ് നായർ എന്നിവരുമായും കൂടിക്കാഴ്ച നടത്തി.

നിസാന്റെ ടെക്നോളജി സപ്ലയർ കമ്പനി കൂടിയായ ഫുജിറ്റ്സു കേരളത്തിൽ സോഫ്റ്റ്‌വയർ ഡവലപ്മെന്റ് സെന്റർ തുടങ്ങുമെന്നാണ് സൂചന. പ്രാഥമികതല ചർച്ചകൾ കഴിഞ്ഞാൽ നീണ്ട പ്രക്രിയകൾക്കു ശേഷമേ അന്തിമ തീരുമാനമുണ്ടാകൂ. ഫുജിറ്റ്സു ഗ്ലോബൽ വൈസ് പ്രസിഡന്റും ഇന്ത്യ മേധാവിയുമായ ശ്രീകാന്ത് വസെ, ഡപ്യൂട്ടി മേധാവി മനോജ് നായർ, നിസാൻ മോട്ടോർ കോർപറേഷൻ സിഐഒ ടോണി തോമസ് എന്നിവരാണ് കൂടിക്കാഴ്ചയിൽ പങ്കെടുത്തത്.

| MALAYALA MANORAMA | | | |
|---|---|---|---|
| Edition: | Language | Pages | Circulation |
| Trivandrum | Malayalam | Metro Manorama 01,02 & 04 | 23,72,256 |



# ടെക്നോപാർക്ക് ഡൗൺടൗൺ പദ്ധതി പ്രതീക്ഷിച്ചതിലും ഒരു വർഷം മുൻപേ!

METRO MANORAMA
IP- 2018.10.09

**ജിക്കു വർഗീസ് ജേക്കബ്**

തിരുവനന്തപുരം● കൊച്ചിയിലെ സ്മാർട് സിറ്റി പദ്ധതിക്കുശേഷം സംസ്ഥാനത്തു വരുന്ന ഏറ്റവും വലിയ ഐടി അടിസ്ഥാനസൗകര്യ വിദേശ നിക്ഷേപമായ ടെക്നോപാർക്ക് -ടോറസ് ഡൗൺടൗൺ പദ്ധതി പ്രതീക്ഷിച്ചതിലും ഒരു വർഷം മുൻപ് തന്നെ പ്രവർത്തനം ആരംഭിക്കാൻ ഒരുങ്ങുന്നു. 2020ൽ പദ്ധതിക്ക് തുടക്കമാകുമെന്നാണ് പ്രഖ്യാപിച്ചിരുന്നതെങ്കിലും വരുന്ന മാർച്ചിൽ പ്രീഫാബ് കെട്ടിടത്തിൽ ആദ്യഘട്ടമായി കമ്പനികളെ ഉൾപ്പെടുത്തി പ്രവർത്തനം തുടങ്ങും.

ടോറസ് ഡൗൺടൗണിന്റെ നിർമാണം പൂർത്തിയാകാൻ കാത്തിരിക്കാതെ പ്രീഫാബ് കെട്ടിടത്തിൽ ആദ്യഘട്ടം ആരംഭിക്കാനാണ് തീരുമാനം. മെഴ്സിഡീസ് ബെൻസ്, വെൽസ് ഫാർഗോ, ഫ്ലിപ്കാർട്ട് എന്നിവ ഉപയോഗിച്ചിരുന്ന കീസ്റ്റോൺ എന്ന പ്രീഫാബ് കെട്ടിടമാണ് ടെക്നോപാർക്ക് മൂന്നാം ഘട്ടത്തിൽ ഉടൻ ഉയരുന്നത്.

- മാർച്ചിൽ 62,500 ചതുരശ്രയടിയിൽ 'കീസ്റ്റോൺ' പ്രീഫാബ് കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കും.
- ഉയരുന്നത് 50 ലക്ഷം ചതുരശ്രയടി ഐടി സ്പേസ്; ടെക്നോപാർക്ക് ബിൽറ്റപ് ഏരിയയുടെ പകുതിയോളം വരും

**വരുന്നത് വമ്പൻ സൗകര്യങ്ങൾ**

METROMANORAMA
IP-2018.10.13



**ഇല്ല, ഇന്നു കടുകട്ടി വാക്കൊന്നും കാച്ചുന്നില്ല....**

ടെക്നോപാർക്കിലെ ടോറസ് - എംബസി ഡൗൺടൗൺ പദ്ധതിയുടെ നിർമാണ ഉദ്ഘാടന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ ശശിതരൂർ എംപിയുമായി സംഭാഷണത്തിൽ. ടോറസ് ചെയർമാൻ ലോറൻസ് റെയ്ബ്ലിങ് സമീപം. തരൂർ കഴിഞ്ഞ ദിവസങ്ങളിൽ പ്രയോഗിച്ച ചില കടുപ്പമുള്ള ഇംഗ്ലീഷ് വാക്കുകൾ ചർച്ചയായിരുന്നു.

ചിത്രം : റിങ്കുരാജ് മട്ടാഞ്ചേരിയിൽ ● മനോരമ

# ടോറസ് ഡൗൺടൗൺ പദ്ധതിയിൽ കേരളത്തിലെ ആദ്യ ഐമാക്സ് തിയറ്ററും

## 15 സ്ക്രീനുകളുമായി കേരളത്തിലെ ഏറ്റവും വലിയ മൾട്ടിപ്ലക്സ്

തിരുവനന്തപുരം● ടെക്നോപാർക്കിലെ ടോറസ് ഡൗൺടൗൺ പദ്ധതിക്കൊപ്പം തലസ്ഥാനത്തെത്തുന്നത് ഐമാക്സ് തിയറ്റർ അടങ്ങിയ രാജ്യാന്തര നിലവാരമുള്ള സൗകര്യങ്ങൾ. 15 സ്ക്രീനുകളുമായി കേരളത്തിലെ ഏറ്റവും വലിയ മൾട്ടിപ്ലക്സായിരിക്കും പദ്ധതിയുടെ ഭാഗമായ മാളിലുണ്ടാവുക. സിനിമാ ആസ്വാദനത്തിലെ പുതിയ തരംഗമായ ഐമാക്സ് തിയറ്റർ കേരളത്തിൽ ആദ്യമായിട്ടാണ് എത്തുന്നത്. പുതിയ ഒൻപതു തിയറ്ററുകളാണ് ഇന്ത്യയിൽ ഐമാക്സ് സാങ്കേതികവിദ്യയിലെത്തുന്നത്. ഇതോടെ ഇന്ത്യയിൽ ഐമാക്സ് തിയറ്ററുകളുടെ എണ്ണം 40 ആകും.

ഐമാക്സിന്റെ വരുമാനത്തിന്റെ പ്രധാന പങ്കും യുഎസിനു പുറത്താണ്. ഇന്ത്യ നാലാം സ്ഥാനത്താണ്. 'ഇമേജ് മാക്സിമം'- ഈ വാക്കുകളുടെ ചുരുക്കെഴുത്താണ് ഐമാക്സ്. ഐമാക്സ് ഫോർമാറ്റിൽ പ്രത്യേക ക്യാമറയും സാങ്കേതിക സംവിധാനവും ഉപയോഗിച്ചുവേണം ചലച്ചിത്രം ചിത്രീകരിക്കാൻ.

ഒപ്പം തിയറ്ററുകളിലും വേണം ഐമാക്സ് സംവിധാനങ്ങൾ. യുഎസിൽ പേറ്റന്റുള്ള സാങ്കേതിക വിദ്യയാണ് ഐമാക്സ്. ലോകത്തു മറ്റാരാൾക്കും ഈ സാങ്കേതിക സംവിധാനം വികസിപ്പിക്കാനാവില്ല.

## കോ-വർക്കിങ് ഭീമനും തലസ്ഥാനത്ത്

പ്രത്യേക ഓഫിസ് സ്പേസ് വാടകയ്ക്ക് എടുക്കാതെ ഒരു മേശയ്ക്കു ചുറ്റുമിരുന്ന് ജോലി ചെയ്യാൻ കഴിയുന്ന കോ-വർക്കിങ് രീതി ലോകമാകെ വ്യാപകമാക്കിയ വീവർക്കും (WeWork) ഡൗൺടൗണിലെത്തും. ആകർഷകമായ രീതിയിൽ ഡിസൈൻ ചെയ്ത ഓഫിസ് സ്പെയ്സുകളാണ് വീവർക്കിന്റെ പ്രത്യേകത. രാജ്യാന്തര കമ്പനികൾ പലതും അവരുടെ ഓഫിസുകളുടെ നിശ്ചിത ഭാഗം വീവർക്ക് മാതൃകയിലേക്ക് മാറ്റിയിട്ടുണ്ട്. ഒരു ലക്ഷം ചതുരശ്രയടിയിലായിരിക്കും വീവർക്ക് തുടക്കത്തിലുണ്ടാവുക. എംബസി ഗ്രൂപ്പിനാണ് വീവർക്കിന്റെ ഫ്രൈഞ്ചൈസിയുള്ളത്. അടുത്തഘട്ടത്തിൽ മൂന്നു ലക്ഷം ചതുരശ്രയടിയിലേക്ക് വികസിപ്പിക്കും.




## വമ്പൻമാർക്ക് ഓഫിസ് ഒരുക്കിയവർ

മൈക്രോസോഫ്റ്റ്, ഐബിഎം, മെഴ്സിഡീസ് ബെൻസ്, സോണി, യാഹൂ ഉൾപ്പടെ നൂറോളം വമ്പൻ ഐടി കമ്പനികൾക്ക് ഓഫിസ് സ്പേസ് നിർമിച്ചു നൽകി പരിചയമുള്ള എംബസി ഗ്രൂപ്പാണ് ഡൗൺടൗണിലെ ഐടി സ്പേസ് നിർമിക്കുന്നത്. ടോറസും എംബസിയും ചേർന്നുള്ള ആദ്യ പദ്ധതിയാണിത്. രാജ്യാന്തര നിലവാരമുള്ള എ ഗ്രേഡ് ഓഫിസ് സ്പേസാണ് നിർമിക്കുക. ഫ്ലിപ്കാർട്ട് അടുത്തയിടയ്ക്ക് പുതിയ സെന്റർ ആരംഭിച്ചത് എംബസിയുടെ കെട്ടിടത്തിലാണ്.

ടോറസ് സെൻട്രം മാളിന്റെ രൂപരേഖ



| MATHRUBHUMI | | | |
|---|---|---|---|
| Edition: | Language | Pages | Circulation |
| Trivandrum | Malayalam | 10(City) and 01(Supplement) | 2,00,000 |

# ഡൗൺ ടൗൺ ട്രിവാൻഡ്രം പദ്ധതിക്കു തുടക്കമായി

MATHRUBHUMI
I P-2018·10·13

**1500 കോടിയുടെ നിക്ഷേപം**

**നിർമാണമേഖല 57 ലക്ഷം ചതുരശ്രയടി**



▶ തിരുവനന്തപുരം ടെക്നോപാർക്കിലെ ഡൗൺ ടൗൺ പദ്ധതിയുടെ തറക്കല്ലിടൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു. മേയർ വി.കെ.പ്രശാന്ത്, ശശി തരൂർ എം.പി., ജിട്ടു വിർവാനി, ലോറൻസ് റെയ്ബിലിങ്, വി.സുനിൽ കുമാർ, അജയപ്രസാദ് എന്നിവർ സമീപം

**തിരുവനന്തപുരം** ▸ ടെക്നോപാർക്കിലെ ഐ.ടി. അടിസ്ഥാന സൗകര്യവികസന പദ്ധതിയായ 'ഡൗൺടൗൺ ട്രിവാൻഡ്രം' പദ്ധതി തുടങ്ങി. അമേരിക്കയിലെ ബോസ്റ്റൺ ആസ്ഥാനമായ ടോറസ് ഇൻവെസ്റ്റ്മെൻറ് ഹോൾഡിങ്സും ഇന്ത്യയിലെ പ്രമുഖ നിർമാണക്കമ്പനിയായ എംബസി ഗ്രൂപ്പിൻെറ പ്രോപ്പർട്ടി ഡെവലപ്മെൻറ് പ്രൈവറ്റ് ലിമിറ്റഡും ചേർന്നാണ് പദ്ധതി നടപ്പാക്കുന്നത്. മുഖ്യമന്ത്രി പിണറായി വിജയൻ നിർമാണോദ്ഘാടനം നിർവഹിച്ചു.

കേരളത്തിലെ മൊത്തം ഐ.ടി.പാർക്ക് വിസ്തൃതി 1.3 കോടി ചതുരശ്ര അടിയിൽനിന്നും 2.3 കോടി ചതുരശ്ര അടിയാക്കാനുള്ള പ്രവർത്തനം നടക്കുകയാണെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഇതിലൂടെ രണ്ടരലക്ഷം പേർക്ക് നേരിട്ട് തൊഴിൽ ലഭിക്കും. 2020-ഓടെ ഡൗൺടൗൺ ട്രിവാൻഡ്രം പദ്ധതിയുടെ ആദ്യഘട്ടം പൂർത്തിയാകുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

ടെക്നോപാർക്കിൻെറ മൂന്നാംഘട്ടത്തിൽ പ്രത്യേക മേഖലയടക്കം 20 ഏക്കറാണ് പദ്ധതിക്കായി നൽകിയിട്ടുള്ളത്. 57 ലക്ഷം ചതുരശ്ര അടിയാണ് മൊത്തം നിർമാണമേഖല. എംബസി ടോറസ് ടെക്സോൺ എന്നപേരിൽ ഐ.ടി. മേഖലയ്ക്കായി 33 ലക്ഷം ചതുരശ്ര അടിയും ടോറസ് സെൻട്രം എന്ന പേരിൽ വിനോദ വ്യവസായ മേഖലയ്ക്കായി 12 ലക്ഷം ചതുരശ്ര അടിയുമുണ്ട്.

ടോറസ് സെൻട്രം മാൾ, 200 മുറികളുള്ള ബിസിനസ് ക്ലാസ് ഹോട്ടൽ, അസറ്റ് ടോറസ് ഐഡൻറിറ്റി എന്ന പേരിൽ 315 മുറികളുള്ള സർവീസ്ഡ് അപാർട്ട്മെൻറ്സ് എന്നിവയും പദ്ധതിയിൽ ഉൾപ്പെടും.

ആദ്യഘട്ടമായി മാർച്ചിൽ കീസ്റ്റോൺ എന്ന പ്രീഫാബ് താത്കാലിക കെട്ടിടത്തിൽ കമ്പനികളെ ഉൾപ്പെടുത്തി പ്രവർത്തനം തുടങ്ങും.

ശശി തരൂർ എം.പി., മേയർ വി.കെ. പ്രശാന്ത്, ടോറസ് ചെയർമാൻ ലോറെൻസ് റെയ്ബിലിങ്, എംബസി ഗ്രൂപ്പ് ചെയർമാൻ ജിട്ടു വിർവാനി, ടോറസിൻെറ ഇന്ത്യയിലെ മാനേജിങ് ഡയറക്ടർ അജയ് പ്രസാദ്, അസറ്റ് ഹോംസ് എം.ഡി. വി. സുനിൽ കുമാർ എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

| MATHRUBHUMI | | | |
|---|---|---|---|
| Edition: | Language | Pages | Circulation |
| Trivandrum | Malayalam | Mathrubhumi Nagaram 01 | 2,00,000 |



MATHRUBHUMI NAGARAM
FP- 2018.10.12

# ഇന്ന് ടോറസ് ഡൗൺടൗണിന് തറക്കല്ലിടും

- ടെക്നോപാർക്കിലൊരുക്കുന്ന ചെറുപട്ടണം
- പത്തേക്കറോളം സ്ഥലം വിനോദ, വ്യാപാരകേന്ദ്രത്തിന്

33 ലക്ഷം ചതുരശ്ര അടിയിൽ ഐ.ടി. കെട്ടിടം

12 ലക്ഷം ചതുരശ്ര അടിയുടെ ഷോപ്പിങ് മാൾ

200 മുറികളുള്ള നക്ഷത്ര ഹോട്ടൽ

30,000 പേർക്ക് ജോലി ചെയ്യാൻ സൗകര്യം

സ്വന്തം ലേഖകൻ

SP Fort Hospital
REGISTER NOW. JOIN THE RACE!
SAFE a THON
RACE AGAINST ACCIDENT
#spfortsafeathon2018
In the presence of
Shri. Lokanath Behera IPS (DGP)
Shri. I. M. Vijayan (Former Indian Footballer)
REGISTRATION FREE
14 OCT SUNDAY 6 AM
AT MANAVEEYAM ROAD
ZUMBA

ഒരു വമ്പൻ കോംബോ ഓഫർ!
1kg ചിക്കൻ + 1kg മട്ടൺ കറി കട്ട്
₹666
NO ANTIBIOTIC
കിളിമീൻ ₹149/500g
അയല ₹99/500g
www.freshtohome.com
1800 313 3302
Fresh to Home

IMAGEQ

| DESHABHIMANI | | | |
|---|---|---|---|
| Edition: | Language | Page | Circulation |
| All Editions | Malayalam | 16 | 5,95,000 |

ടെക്നോപാർക്കിന് ഇനി പുതിയമുഖം

DESHABHIMANI
BP- 2018.10.13

# ഡൗൺ ടൗൺ ട്രിവാൻഡ്രം പദ്ധതിക്ക് തുടക്കം



'ടോറസ് ഡൗൺ ടൗൺ ട്രിവാൻഡ്രം' പദ്ധതി നിർമാണോദ്ഘാടനം നിർവഹിച്ച മുഖ്യമന്ത്രി പിണറായി വിജയന് ടോറസ് ചെയർമാൻ ലോറൻസ് റെയ്ബിലിങ്ങും എംഡി അജയ്പ്രസാദും നിർമിതികളുടെ മാതൃക വിശദീകരിക്കുന്നു. ശശി തരൂർ എംപി, മേയർ വി കെ പ്രശാന്ത് തുടങ്ങിയവർ സമീപം

**സ്വന്തം ലേഖകൻ**

**തിരുവനന്തപുരം**

- കേരളത്തിലെ ഏറ്റവും വലിയ വിദേശ നിക്ഷേപ പദ്ധതി
- 10 വർഷത്തിനുള്ളിൽ ചുരുങ്ങിയത് അരലക്ഷം തൊഴിലവസരം

ടെക്നോപാർക്കിന് പുതിയ മുഖം നൽകുന്ന കേരളത്തിലെ ഏറ്റവും വലിയ വിദേശ നിക്ഷേപ പദ്ധതിയായ 'ടോറസ് ഡൗൺ ടൗൺ ട്രിവാൻഡ്രം' പദ്ധതിക്ക് തുടക്കമായി. കേരളത്തിന്റെ ഐടി വ്യവസായ മേഖലയ്ക്ക് കുതിപ്പേകുന്ന പദ്ധതിയുടെ നിർമാണപ്രവർത്തനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. ഐടിയോടൊപ്പം വിനോദസഞ്ചാരത്തെയും ഉൾപ്പെടുത്തിയ കേരളത്തിലെ എറ്റവും വലിയ പദ്ധതിക്കാണ് തുടക്കമായത്. 10 വർഷത്തിനുള്ളിൽ ചുരുങ്ങിയത് അരലക്ഷം തൊഴിലവസരം ഉറപ്പാക്കും. ഇതിൽ 30000 തൊഴിൽ അവസരം ഐടി മേഖലയിലാണ്.

അമേരിക്കയിലെ ബോസ്റ്റൺ ആസ്ഥാനമായ ജർമൻ കമ്പനി ടോറസിന്റെ ഉപവിഭാഗമായ ടോറസ് ഇന്ത്യയ്ക്കാണ് നടത്തിപ്പിന്റെ ചുമതല. എംബസി, അസറ്റ് ഗ്രൂപ്പുകളുമായി സഹകരിച്ചായിരിക്കും നടത്തിപ്പ് . 1500 കോടിയാണ് പ്രാഥമിക അടങ്കൽ തുക . 36 ലക്ഷം ചതുരശ്ര അടിയിൽ ലോകോത്തര നിലവാരത്തിലായിരിക്കും നിർമിതികൾ. ഇതിൽ 33 ലക്ഷം ചതുരശ്ര അടി ഐടി വ്യവസായത്തിനുമാത്രമാണ്. വാണിജ്യ, ടൂറിസം, ഹോസ്പിറ്റാലിറ്റി സമുച്ചയത്തിനും അന്താരാഷ്ട്ര നിലവാരം ഉറപ്പാകും. ഭക്ഷണശാലകളും മൾട്ടിപ്ലക്സ് തിയറ്റർ സമുച്ചയവുമുണ്ടാകും. തെക്കേ ഇന്ത്യയിൽ ആദ്യമായി ഐ മാക്സ് ദൃശ്യാനുഭവവും ഒരുക്കും. 315 ഫ്ളാറ്റുകളും പദ്ധതിയുടെ ഭാഗമാണ്. 20 നിലകളിലാണ് ഭവന സമുച്ചയം. പരിസ്ഥിതിസൗഹൃദ നിർമാണ രീതിയാകും ഉപയോഗിക്കുക. 2020ൽ ആദ്യഘട്ടം പൂർത്തിയാകും. ഉദ്ഘാടന ചടങ്ങിൽ ശശി തരൂർ എംപി, മേയർ അഡ്വ. വി കെ പ്രശാന്ത്, ടോറസ് ചെയർമാൻ ലോറൻസ് റെയ്ബിലിങ്, എംബസി ഗ്രൂപ്പ് ചെയർമാൻ ജിട്ടു വിർവാനി, അസറ്റ് ഹോംസ് എംഡി വി സുനിൽകുമാർ, ടോറസ് ഇന്ത്യ മാനേജിങ് ഡയറക്ടർ അജയ് പ്രസാദ് എന്നിവർ സംസാരിച്ചു.

| KERALA KAUMUDI | | | |
|---|---|---|---|
| Edition: | Language | Page | Circulation |
| All Editions | Malayalam | 11 and 01(Supplement) | 3,00,000 |

# ഐ.ടി മേഖലയിൽ 2.5 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കും: മുഖ്യമന്ത്രി

തിരുവനന്തപുരം: ഐ.ടി മേഖലയിൽ രണ്ടര ലക്ഷം പുതിയ തൊഴിലവസരങ്ങളുണ്ടാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ടെക്നോപാർക്കിൽ അന്താരാഷ്ട്ര കമ്പനിയായ ടോറസ് ഗ്രൂപ്പും ഇന്ത്യൻ സ്ഥാപനമായ എംബസിയും ചേർന്ന് നടത്തുന്ന 'ഡൗൺടൗൺ ട്രിവാൻഡ്രം' നിർമ്മാണോദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

ഐ.ടി മേഖലയിൽ വൻകുതിപ്പ് ലക്ഷ്യമിട്ട് അടിസ്ഥാന സൗകര്യവികസനം ത്വരിതപ്പെടുത്തും. നിലവിൽ 1.3 കോടി ചതുരശ്ര അടി സ്ഥലമാണ് ഐ.ടി കമ്പനികൾക്കായുള്ളത്. ഇത് 2.3 കോടിയായി വർദ്ധിപ്പിക്കും. ഈ ലക്ഷ്യത്തോട് കൂടുതൽ അടുപ്പിക്കുന്നതാണ് ഡൗൺടൗൺ പദ്ധതി. 1500 കോടി മുതൽമുടക്കുന്ന പദ്ധതിയിൽ ആറുമാസത്തിനകം ഐ.ടി കമ്പനികൾ പ്രവർത്തനം ആരംഭിക്കും. 30000 പേർക്ക് നേരിട്ട് തൊഴിൽ ലഭിക്കും. 33 ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള സ്ഥലമാണ് ഐ.ടി കമ്പനികൾക്കായി ലഭിക്കുക.

രണ്ട് വർഷത്തിനുള്ളിൽ ഒന്നാംഘട്ടം പൂർത്തിയാകുന്നതോടെ ലൈഫ്സ്റ്റൈൽ പാർക്കും സജ്ജമാകും. ഇവിടെ ആരംഭിക്കുന്ന ഐ.ടി കമ്പനികളിലേക്ക് ആവശ്യമായ തൊഴിൽ ശക്തി ലഭ്യമാക്കുന്നതിനുള്ള അക്കാഡമിക്, പരിശീലന പരിപാടികളും ഉടൻ



തിരുവനന്തപുരം ഹോട്ടൽ ഹിൽട്ടൺ ഗാർഡനിൽ ടെക്നോപാർക്കിലെ ഡൗൺടൗൺ ട്രിവാൻഡ്രം പദ്ധതിയുടെ നിർമ്മാണോദ്ഘാടന ചടങ്ങിനെത്തിയ മുഖ്യമന്ത്രി പിണറായി വിജയൻ, ശശി തരൂർ എം.പി, ടോറസ് ചെയർമാൻ ലോറൻസ് റെയ്ബിലിംഗ് എന്നിവരുമായി സംഭാഷണത്തിൽ ഫോട്ടോ: അജയ് മധു

ആരംഭിക്കുമെന്ന് മുഖ്യമന്ത്രി ഉറപ്പ് നൽകി.

ചടങ്ങിൽ ശശി തരൂർ എം.പി, മേയർ വി.കെ. പ്രശാന്ത്, ഇലക്ട്രോണിക്സ് -ഐ.ടി സെക്രട്ടറി എം. ശിവശങ്കർ, ടെക്നോപാർക്ക് സി.ഇ.ഒ ഋഷികേശ് നായർ, ടോറസ് ചെയർമാൻ ലോറൻസ് റെയ്ബിലിങ്, എംബസി ഗ്രൂപ്പ് ചെയർമാൻ ജിട്ടു വിർവാനി, ടോറസ് മാനേജിംഗ് ഡയറക്ടർ ഇന്ത്യ അജയ് പ്രസാദ്, അസറ്റ് ഹോംസ് എംഡി വി. സുനിൽ കുമാർ എന്നിവരും ചടങ്ങിൽ പങ്കെടുത്തു. ഡൗൺടൗൺ ട്രിവാൻഡ്രം പദ്ധതിയുടെ മാതൃകയും മുഖ്യമന്ത്രി അനാവരണം ചെയ്തു.

ടെക്നോപാർക്കിന്റെ മൂന്നാം ഘട്ടത്തിൽ പ്രത്യേക മേഖലയടക്കം 20 ഏക്കറാണ് പദ്ധതിക്കായി നൽകിയിട്ടുള്ളത്. 57 ലക്ഷം ചതുരശ്ര അടിയാണ് മൊത്തം നിർമ്മാണ മേഖല. എംബസി ടോറസ് ടെക്സോൺ എന്ന പേരിൽ ഐ.ടി മേഖലയ്ക്കായി 33 ലക്ഷം ചതുരശ്ര അടിയും ടോറസ് സെൻട്രം എന്ന പേരിൽ വിനോദ വ്യവസായ മേഖലയ്ക്കായി 12 ലക്ഷം ചതുരശ്ര അടിയും മാറ്റിവച്ചിട്ടുണ്ട്. ടോറസ് സെൻട്രം മാൾ, 200 മുറികളുള്ള ബിസിനസ് ക്ലാസ് ഹോട്ടൽ, 315 മുറികളുള്ള സർവീസ്ഡ് അപാർട്ട്മെന്റ്സ് (അസറ്റ് ടോറസ് ഐഡന്റിറ്റി) എന്നിവയും പദ്ധതിയിൽ ഉൾപ്പെടും.

| KERALA KAUMUDI | | | |
|---|---|---|---|
| Edition: | Language | Page | Circulation |
| Trivandrum | Malayalam | City Kaumudi 01 | 3,00,000 |



City Kaumudi
FP-2018.10.13

# നഗരത്തിൽ ഉയരുന്നു
# വമ്പൻ ഡൗൺടൗൺ

## ഫിലിം ഫെസ്റ്റിവലിനും ഇവിടെ വേദിയൊരുക്കാമെന്ന് വാഗ്ദാനം

▸ പി.എച്ച്. സനൽകുമാർ

തിരുവനന്തപുരം: ഒറ്റ മേൽക്കൂരയ്ക്ക് കീഴിൽ 15 തിയേറ്ററുകൾ, അതും ഐമാക്സ്. ഹൈ ഡെഫിനിഷൻ സ്ക്രീനുകൾ, ഡോൾബി സൗണ്ട് സിസ്റ്റം. ടിക്കറ്റെടുക്കാനും വിശ്രമിക്കാനും ഭക്ഷണത്തിനും ചായയ്ക്കും ഒന്നിനും എവിടെയും പോകേണ്ട.

താമസസൗകര്യവും റെഡി. രണ്ടു വർഷം കൂടി കഴിഞ്ഞാൽ നഗരത്തിൽ ഉയരുന്ന വമ്പൻ പദ്ധതിയായ ഐ.ടി പാർക്ക് കം ലൈഫ് സ്റ്റൈൽ എന്റർടെയിൻമെന്റ് മാളായ ഡൗൺടൗൺ ട്രിവാൻഡ്രത്തിലെ സൗകര്യങ്ങളാണിത്. ടെക്നോപാർക്കിന്റെ മൂന്നാം ഘട്ടം വികസിക്കുന്ന കുളത്തൂരിലാണ് ഇരുപതേക്കറിൽ പുതിയ സംവിധാനമുയരുന്നത്. മൊത്തം ചെലവ് 1500 കോടി രൂപ. ആറുമാസത്തിനകം ഐ.ടി കമ്പനികൾ ഇതിലേക്ക് ചേക്കേറും. പിന്നീട് 2020 ഓടെ മൾട്ടിപ്ലക്സ് തിയേറ്ററുകൾ ഉൾപ്പെടെയുള്ള ഒന്നാംഘട്ടവും പൂർത്തിയാകും. ഒറ്റയ്ക്ക് താമസിക്കാൻ സിംഗിൾ ബെഡ് അപ്പാർട്ട്മെന്റ്സ്. കൂട്ടമായി താമസിക്കാൻ ത്രീബെഡ് റൂം ഫ്ലാറ്റ്. എല്ലാം കുറഞ്ഞ വാടകയിൽ. ബിസിനസ് ഹോട്ടലും ഉണ്ടായിരിക്കും. അന്താരാഷ്ട്ര ഫിലിംഫെസ്റ്റിവൽ പോലും ഇവിടെ വച്ച് നടത്താമെന്ന് നിർമ്മാതാക്കൾ പറയുന്നു.

നിർമ്മാണത്തിന് ഇന്നലെ മുഖ്യമന്ത്രി പിണറായി വിജയൻ തുടക്കമിട്ടു. പറഞ്ഞതിലും നേരത്തേ പണിതീർക്കുമെന്ന വാഗ്ദാനവുമായാണ് നിർമ്മാതാക്കളായ അമേരിക്കൻ കമ്പനി ടോറസും പങ്കാളികളായ എംബസി ഗ്രൂപ്പും അസറ്റ് ഹോംസും വേദിവിട്ടത്. 57 ലക്ഷം ചതുരശ്ര അടിയാണ് മൊത്തം നിർമ്മാണ മേഖല. എംബസി ടോറസ് ടെക്സോൺ എന്ന പേരിൽ ഐ.ടി മേഖലയ്ക്കായി 33 ലക്ഷം ചതുരശ്ര അടിയും ടോറസ് സെൻട്രം എന്ന പേരിൽ വിനോദ വ്യവസായ മേഖലയ്ക്കായി 12 ലക്ഷം ചതുരശ്ര അടിയും മാറ്റിവച്ചിട്ടുണ്ട്.

ടോറസ് സെൻട്രം മാൾ, 200 മുറികളുള്ള ബിസിനസ് ക്ലാസ് ഹോട്ടൽ, 315 മുറികളുള്ള സർവീസ്ഡ് അപാർട്ട്മെന്റ്സ് (അസറ്റ് ടോറസ് ഐഡന്റിറ്റി) എന്നിവയും പദ്ധതിയിൽ ഉൾപ്പെടും.

### ഡൗൺടൗണിലെത്താൻ

നഗരത്തിൽ നിന്ന് പേട്ട ആനയറ വഴി പത്തുമിനിട്ട് ഡ്രൈവ് ചെയ്താൽ ഡൗൺടൗൺ ട്രിവാൻഡ്രത്തിലെത്താം. നഗരത്തിന്റെ മട്ടും ഭാവവും മാറ്റുന്ന പരിപാടി തിരുവനന്തപുരത്തേക്ക് കൂടുതൽ അന്താരാഷ്ട്ര പ്രൊഫഷണലുകളെ ആകർഷിക്കുമെന്ന് ശശി തരൂർ എം.പി പറഞ്ഞു.

ഹോട്ടൽ ഹിൽട്ടൺ ഗാർഡനിൽ ടെക്നോപാർക്കിലെ ഡൗൺടൗൺ ട്രിവാൻഡ്രം പദ്ധതിയുടെ നിർമ്മാണോദ്ഘാടന ചടങ്ങിനെത്തിയ മുഖ്യമന്ത്രി പിണറായി വിജയൻ പദ്ധതിയുടെ മാതൃക വീക്ഷിക്കുന്നു. ശശി തരൂർ എം.പി, മേയർ വി.കെ പ്രശാന്ത്, ടോറസ് ചെയർമാൻ ലോറൻസ് റെയ്ബിലിംഗ്, മാനേജിംഗ് ഡയറക്ടർ (ഇന്ത്യ) അജയ് പ്രസാദ്, എംബസി ഗ്രൂപ്പ് ചെയർമാൻ ജിട്ടു വിർവാനി, അസറ്റ് ഹോംസ് എം.ഡി വി. സുനിൽകുമാർ എന്നിവർ സമീപം

| MADHYAMAM | | | |
|---|---|---|---|
| Edition: | Language | Page | Circulation |
| All Editions | Malayalam | 02 | 9,04,000 |






ടെക്നോപാർക്കിലെ ഡൗൺ ടൗൺ ട്രിവാൻഡ്രം പദ്ധതിയുടെ നിർമാണോദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു. മേയർ വി.കെ. പ്രശാന്ത്, ശശി തരൂർ എം.പി, ടോറസ് മാനേജിങ് ഡയറക്ടർ ഇന്ത്യ അജയ്പ്രസാദ് തുടങ്ങിയവർ സമീപം

# ഐ.ടി മേഖലയിൽ 2.5 ലക്ഷം പേർക്ക് തൊഴിൽ ലഭ്യമാക്കും –മുഖ്യമന്ത്രി

MADHYAMAM IP-2018.10.13

**തിരുവനന്തപുരം:** സംസ്ഥാനത്തെ മൊത്തം ഐ.ടി പാർക്ക് വിസ്തൃതി നിലവിലെ 1.3 കോടി ചതുരശ്ര അടിയിൽനിന്ന് 2.3 കോടി ചതുരശ്ര അടിയായി വർധിപ്പിക്കുമെന്നും രണ്ടരലക്ഷം പേർക്ക് നേരിട്ട് തൊഴിൽ ലഭ്യമാക്കുമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. അമേരിക്കൻ കമ്പനിയായ ടോറസ് ഇൻവെസ്റ്റ്മെൻറിൻെറ 1500 കോടി രൂപയുടെ ഐ.ടി അടിസ്ഥാന സൗകര്യ വികസന പദ്ധതിയായ 'ഡൗൺടൗൺ ട്രിവാൻഡ്രം' ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഐ.ടി മേഖലയിൽ അടിസ്ഥാന സൗകര്യവും സാമൂഹിക അന്തരീക്ഷവും വർധിപ്പിച്ച് വിജ്ഞാന അധിഷ്ഠിത മേഖലകൾക്കും സോഫ്റ്റ് വെയർ കയറ്റുമതിക്കും നിക്ഷേപകരെ ആകർഷിക്കുന്നതിനുമാണ് ഊന്നൽ നൽകുക. 2020 ഓടെ ഡൗൺടൗൺ ട്രിവാൻഡ്രം പദ്ധതിയുടെ ആദ്യഘട്ടം പൂർത്തിയാകും. ആറുമാസത്തിനകം ഐ.ടി കമ്പനികൾ പ്രവർത്തനം ആരംഭിക്കും. 30,000 പേർക്ക് ഇവിടെ നേരിട്ട് തൊഴിൽ ലഭിക്കും. 33 ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള സ്ഥലമാണ് ഐ.ടി കമ്പനികൾക്കായി ഇവിടെ ലഭിക്കുക.

രണ്ടു വർഷത്തിനുള്ളിൽ ഒന്നാം ഘട്ടം പൂർത്തിയാകുന്നതോടെ ലൈഫ് സ്റ്റൈൽ പാർക്കും സജ്ജമാകും. ഇവിടെ ആരംഭിക്കുന്ന ഐ.ടി കമ്പനികളിലേക്കാവശ്യമായ തൊഴിൽ ശക്തി ലഭ്യമാക്കുന്നതിനുള്ള അക്കാദമിക്, പരിശീലന പരിപാടികളും ഉടൻ ആരംഭിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

